CHRISTIAN NEWS | JANUARY 2021

http://theendtimenews.com/

# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് -കോൾ

3rd Anniversary Edition

Volume 04 Issue No:37 Pages:14 Reg: TVM/1717/2014, Established:USA, Published from:India

## കാരുണ്യ കരുതലായ് ഡ്രോപ്സ് ഓഫ് മേഴ്‌സി

ന്യൂഡൽഹി: തണുപ്പും കോവിഡിനാലും ഞെരുങ്ങുന്ന ഡൽഹി, ഹരിയാന സംസ്ഥാനങ്ങളിൽ കാരുണ്യ പ്രവർത്തനമായ ഡ്രോപ്സ് ഓഫ് മേഴ്‌സി എന്ന കൂട്ടായ്മ നടത്തുന്ന വിന്റർഷീൽഡ് കാരുണ്യ കരുതൽ പ്രവർത്തനങ്ങൾക്ക് തുടക്കമായി. കമ്പിളി, മാസ്ക്ക്,സോക്സ് എന്നിവ അടക്കം ഉള്ള കിറ്റാണ് വിതരണം ചെയ്യുന്നത്. ഗ്രാമീണ സുവിശേഷീകരണത്തിന് മുൻതൂക്കം നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ ആണ് നടന്നു വരുന്നത്. നേരത്തെ നിരവധി വിശ്വാസി കൂട്ടായ്മകളുടെ സഹകരണത്തോടെ സ്കൂൾ കിറ്റ്, ഭക്ഷണകിറ്റ്, കമ്പിളി വിതരണം ചെയ്ത് നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ ആണ് ഈ കൂട്ടായ്മ ചെയ്തു വരുന്നത്. തുടർന്നുള്ള ദിവസങ്ങളിൽ നോർത്തേൺ സംസ്ഥാനങ്ങളിൽ ഈ കൂട്ടായ്മയുടെ പ്രതിനിധികളുടെ സഹകരണത്തോടെ നിരവധി പ്രവർത്തനങ്ങൾ ആണ് മുമ്പിലുള്ളതെന്ന് ഈ പ്രോജക്ട്കൾക്ക് നേതൃത്വം നൽകുന്ന ഇവാ.നോബിൾ സാം അറിയിച്ചു.



## കേരളാ സർക്കാരിന്റെ മികച്ച പച്ചക്കറി കർഷകനുള്ള ഹരിതമിത്ര അവാർഡ് കരസ്ഥമാക്കി പാസ്റ്റർ ജേക്കബ് ജോസഫ്

**ഇരവിപേരൂർ:** കേരളാ സർക്കാരിന്റെ മികച്ച പച്ചക്കറി കർഷകനുള്ള ഹരിതമിത്ര അവാർഡ് ഇരവിപേരൂർ ഗിൽഗാൽ ആശ്വാസഭവൻ ഡയറക്ടർ പാസ്റ്റർ ജേക്കബ് ജോസഫിന് ലഭിച്ചു. ഗിൽഗാൽ ആശ്വാസഭവന്റെ വളപ്പിൽ സ്വന്തമായി നടത്തുന്ന ജൈവകൃഷിക്ക് ആണ് സർക്കാരിന്റെ അംഗീകാരം കിട്ടിയത്. ലോക്ഡൗൺ സമയത്ത് ആശ്വാസഭവനിൽ നടത്തിയ കൃഷികളെക്കുറിച്ചും വിളവെടുപ്പിനെക്കുറിച്ചും ഇറക്കിയ വീഡിയോകൾ സാമൂഹിക മാധ്യമങ്ങളിൽ ശ്രദ്ധ ആകർഷിച്ചിരുന്നു.ദൈവീക ശുശ്രൂഷയുടെ തിരക്കുകളുടെ ഇടയിലും കൃഷികാര്യങ്ങൾക്കും മൃഗപരിപാലനത്തിനുമൊക്കെ സമയം കണ്ടെത്തി അതിൽ വിജയിച്ച പാസ്റ്റർ ജേക്കബ് തോമസിന്റെ ഈ മാതൃക ശുശ്രൂഷകർക്ക് ഒരു പ്രചോദനം ആകട്ടെ എന്ന് ആശംസിക്കുന്നു.

നാം പ്രത്യാശിക്കുന്ന **ശുഭ ഭാവി** 3 പാസ്റ്റർ ലിനീഷ് ഏബ്രഹാം

## പെന്തക്കോസ്ത് സഭാ നേതാക്കൾ മുഖ്യമന്ത്രിയുമായി ചർച്ച നടത്തി



**തിരുവനന്തപുരം:** പെന്തക്കോസ്ത് ഇന്റർ ചർച്ച് കൗൺസിൽ സഭാ നേതാക്കൾ ജനു.21 ന് മുഖ്യമന്ത്രിയെ കണ്ട് ചർച്ച നടത്തി. ഐപിസി, ഡബ്ലിയു എം ഇ, ശാരോൻ ഫെലോഷിപ്പ്, ചർച്ച് ഓഫ് ഗോഡ് എന്നീ സഭകളെ പ്രതിനിധീകരിച്ച് പാസ്റ്റർമാരായ ഒ എം രാജുക്കുട്ടി, എം പി ജോർജ്ജ്കുട്ടി, ജോൺസൺ കെ സാമുവേൽ, കെ സി സണ്ണിക്കുട്ടി, ജോസ് ബേബി, ഡോ.എം കെ സുരേഷ്, സതീഷ് തങ്കച്ചൻ,ജെറിൻ രാജുക്കുട്ടി, സജീവ് റ്റി രാജൻ എന്നിവരാണ് മുഖ്യമന്ത്രിയെ കണ്ടത്. രാജു എബ്രഹാം എംഎൽഎ നേതൃത്വം വഹിച്ചു.

പെന്തക്കോസ്ത് സഭകൾക്ക് ആർട്സ് കോളേജ് അനുവദിക്കുക, സർക്കാർ സർട്ടിഫിക്കറ്റുകളിൽ ക്രിസ്ത്യൻ പെന്തക്കോസ്ത് എന്ന് രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക, പെന്തക്കോസ്ത് ആരാധനാലയങ്ങളും സെമിത്തേരികളും സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുക, ആരാധനാലയ നിർമ്മാണ ലൈസൻസിലുള്ള തടസ്സം നീക്കുക, പഞ്ചായത്ത് സെമിത്തേരികളിൽ പെന്തക്കോസ്ത്

തുടർച്ച 05 പേജിൽ

## ശാരോൻ ഫെലോഷിപ് ചർച്ച് യു കെ & അയർലന്റ് നാഷണൽ കോൺഫ്രൻസ്




**ബ്രിട്ടൻ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് യു കെ & അയർലന്റ് 15 മത് നാഷണൽ കോൺഫ്രൻസ് 2021 മാർച്ച് 6 ന് നടക്കും. കോവിഡ് പ്രോട്ടോക്കോൾ നിലനിൽക്കുന്നതിനാൽ ഈ വർഷം സൂം പ്ലാറ്റ്ഫോമിലാണ് കോൺഫ്രൻസ് നടക്കുക.പാസ്റ്റർ അജി ആന്റണി, ദൈവവചനത്തിൽ നിന്നും സംസാരിക്കും. സയോൺ സിംഗേഴ്സ് വെണ്ണിക്കുളം ആഗാധന നയിക്കും. ബ്രിട്ടീഷ് സമയം വൈകിട്ട് 5.30 മുതൽ 8.30 വരെയാണ് മീറ്റിംഗ്.




# EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Daniel Jacob

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram


INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511



# ഞാൻ വാതിലിൽ നിന്ന് മുട്ടുന്നു

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവന് ബുദ്ധിയും, ജ്ഞാനവും, വിവേകവും നൽകി ഭൂമിയിലേക്ക് അയച്ചു. എന്നാൽ സാത്താൻ സൃഷ്ടാവിനെ തിരിച്ചറിയാതിരിപ്പാൻ അവന്റെ ഉൾക്കണ്ണുകളെ കുരുടാക്കി. ദൈവത്തിൽ നിന്ന് വിദൂരതയിൽ നിർത്തി മനുഷ്യനെ സത്യേക ദൈവത്തെ കണ്ടെത്തുവൻ (തിരഞ്ഞെടുപ്പാൻ) ഉള്ള കഴിവിനെ നിഷ്ഫലമാക്കി. ഇങ്ങനെ വ്യക്തികളുടെ ഹൃദയം മാത്രമല്ല പല സഭകളിലും ഈ പ്രക്രിയ അനസ്യൂതം തുടരുന്നു ഈ നാൾ വഴികളിൽ പിന്നിലേക്ക് നോക്കുമ്പോൾ അതിൽ വസ്തുത ഉള്ളതായി നമ്മുടെ സമൂഹം വ്യക്തമാക്കുന്നു. എന്നാൽ വ്യക്തി ഹൃദയത്തിലേയ്ക്കുള്ള പ്രവേശനത്തിൽ മാത്രമല്ല സഭയുടെ ഉള്ളിലേയ്ക്ക് പ്രവേശിക്കുന്നതിനും യേശു വാതിൽക്കൽ നിന്ന് മുട്ടുന്നു. “ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ” എല്ലാ സഭകളും യേശുവിനെ സ്വീകരിച്ചില്ലെങ്കിലും ചിലരെങ്കിലും തങ്ങളുടെ ഹൃദയവാതിലുകളെ തുറന്നാൽ യേശു അവരുമായി അത്താഴം പങ്കിടും.“ ജയിക്കുന്നവന് ഞാൻ എന്നോടക്കൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കാൻ വരം നൽകും.” ക്രിസ്തുവിനോടുകൂടെ വാഴുവാനുള്ള അധികാരമാണ് യേശു വാഗ്ദാനം ചെയ്തത് (വെളിപ്പാട് 22: 15, ലൂക്കോസ് 22: 30)

ദൈവം എല്ലായ്പ്പോഴും മനുഷ്യനുമായുള്ള ഒരു ഊഷ്മളമായ ബന്ധമാണ് ആഗ്രഹിക്കുന്നത്. ഹൃദയം ക്ഷേത്രമാണ് അതിലെ പ്രതിഷ്ഠ ദൈവം മാത്രമായിരിക്കണമെന്ന് ദൈവം നമ്മോടു വചനത്തിലൂടെ പറയുന്നതോടൊപ്പം ആ സ്ഥാനം മറ്റൊന്നിന്നും വിട്ടുകൊടുക്കുവാൻ ഇഷ്ടപ്പെടുന്നുമില്ല എന്ന് വ്യക്തമാകുന്നു. അതിനാൽ ദൈവത്തെ എല്ലാറ്റിനും ഉപരിയായി സ്ഥാനവും മാനവും കൊടുപ്പിൻ.



ബൈജു യാക്കോബ്
ഇടവിള

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.




# നാം പ്രത്യാശിക്കുന്ന ശുഭ ഭാവി

## The Letter of Hope



പാസ്റ്റർ ലിനീഷ് ഏബ്രഹാം

“**നി**ങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്ന് ഞാൻ അറിയുന്നു. ‘For I Know the plan i have for you’ declares the LORD. (Jeremiah 29:11)

പ്രിയരേ ഒരു പുതിയ വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പിന്നിട്ട ഒരോ മാസങ്ങളും, ദിവസങ്ങളും നാം തിരിഞ്ഞുനോക്കിയാൽ ലവലേശം സംശയിക്കാതെ നമുക്ക് പറയാൻ സാധിക്കും “യഹോവ എന്റെ പക്ഷത്തില്ലായിരുന്നുവെങ്കിൽ....” ദൈവം വിശ്വസ്തൻ. അപ്രതീക്ഷിത സമയത്ത് നാം നേരിട്ട പ്രതിസന്ധികളേയും, ഞെരുക്കങ്ങളെയും തരണം ചെയ്യുവാനിടയായി. നാം അവിടത്തോട് അവിശ്വസ്തരായപ്പോഴും ദൈവം വിശ്വസ്തനായി നമ്മെ തന്റെ വിരിച്ച ചിറകടിയിൽ ഭദ്രമായി സൂക്ഷിച്ചു.

കരയുന്ന പ്രവാചകൻ എന്നറിയപ്പെട്ടിരുന്ന, ജനിക്കുന്നതിനുമുമ്പേ പ്രവാചകനായി നിയമിക്കപ്പെട്ട (1:5) ഒരു പുരോഹിതന്റെ മകനായി ജനിച്ച് പ്രവാചകനായി ധാരാളം വെല്ലുവിളികളും, നിന്ദകളും, അടികളും തന്റെ ശുശ്രൂഷയിൽ നേരിട്ട അനുഗ്രഹീത അഭിഷിക്തനായിരുന്നു യിരമ്യാവ്. വലിയ പ്രവാചകന്മാരിൽ, യെഹൂദയിലെ അവസാനത്തെ 5 രാജാക്കന്മാരുടെ കാലത്ത് ജീവിച്ച്, ബാബേൽ പ്രവാസത്തിന് തൊട്ട് മുമ്പ്, അപ്പോൾ തന്നെ പ്രവാസത്തിന് തൊട്ട് മുമ്പ്, അപ്പോൾ തന്നെ പ്രവാസത്തിൽ പോയവർക്കും ദൈവത്തിന്റെ ദൂത് കൈമാറിയവൻ.

ഈ 29-ാം അദ്ധ്യായം ഒരു പ്രതീക്ഷയുടെ ലേഖനമാണ്. യഹോവ തന്റെ പ്രവാചകന്മാരെ തുടരെ അയച്ചിട്ടും അവരുടെ വാക്ക്

തുടർച്ച 10 പേജിൽ




# അവൻ നമ്മുടെ സമാധാനം



**സാം സഖറിയ**
**കൊട്ടാരക്കര**

**സൗ**രഭ്യ വാസനായാഗങ്ങളിൽ മൂന്നാമത്തേതാണ് സമാധാനയാഗം. ഹോമയാഗം ക്രിസ്തുപിതാവാം ദൈവത്തിനു പ്രസാദകരമായ യാഗമായി അർപ്പിക്കപ്പെട്ടതിനെയും, ഭോജനയാഗം തന്റെ കളങ്കമില്ലാത്ത സംപൂർണ്ണമനുഷ്യത്വത്തെയും വ്യക്തമാക്കുന്നതായി നാം കണ്ടുകഴിഞ്ഞു.

നിത്യാത്മാവിനാൽ നിഷ്കളങ്കയാഗമായി അർപ്പിക്കപ്പെട്ടതിനാൽ യേശുക്രിസ്തുമൂലം മാനവജാതിയ്ക്കുണ്ടായ അനുഗ്രഹങ്ങളാണ് സമാധാനയാഗത്തിലൂടെ വ്യക്തമാക്കുന്നത്. പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ പാപിയായ മനുഷ്യനും പരിശുദ്ധനായ ദൈവവും തമ്മിലുള്ള അകൽച്ച അവസാനിപ്പിച്ച് ദൈവത്തോടു നിരപ്പുവന്നതിനാൽ ലഭ്യമായ സമാധാനമാണ് ഈ യാഗം നമുക്കു നൽകുന്ന പ്രധാന സന്ദേശം. സകല മനുഷ്യരും ഈ യാഗത്തിന്റെ അനുഭവത്തിലൂടെ കടന്നുപോകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ കർത്താവ് ഇപ്രകാരം പറഞ്ഞു. ഞാൻ എന്റെ സമാധാനം നിങ്ങൾക്കു തന്നേച്ചു പോകുന്നു; ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്(യോഹ14:27)

ശത്രുതയാണ് എപ്പോഴും സമാധാനഭഞ്ജനം ഉണ്ടാക്കുന്നത്. ദൈവം മനുഷ്യനോടു മനപൂർവ്വം ശത്രുത പുലർത്തുവാൻ ഇഷ്ടപ്പെടുന്നില്ല.മനുഷ്യരോടു സഹവസിക്കുവാനാണ് ദൈവം എപ്പോഴും ആഗ്രഹിക്കുന്നത്. എന്നാൽ മനുഷ്യൻ പാപം നിമിത്തം ദൈവത്തിൽ നിന്നകന്നു പോകുന്നു എന്നതാണത്ര ശത്രുത തുടരുവാൻ കാരണം. നിങ്ങളുടെ അകൃത്യങ്ങളത്രെ നിങ്ങളെയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്.(യെശ59:2) എന്നാൽ ശത്രുക്കളായിരുന്ന നമ്മെ ദൈവത്തിന്റെ മിത്രങ്ങളാക്കിത്തീർക്കുവാൻ ക്രിസ്തു തക്കസമയത്ത് നമുക്കു വേണ്ടി യാഗമായിത്തീർന്നു. നീതിയും സമാധാനവും തമ്മിൽ ചുബിച്ചിരിക്കുന്നു എന്ന വചനം ക്രൂശിൽ നിവർത്തിക്കപ്പെട്ടിരിക്കുന്നു. നീതി എപ്പോഴും കുറ്റവാളിയെ ശിക്ഷിക്കണം

തുടർച്ച 07പേജിൽ

# പാക്കിസ്ഥാനിൽ ക്രിസ്ത്യൻ പെൺകുട്ടികളെ തൊഴിലുടമകൾ നിർബന്ധിച്ച് മതപരിവർത്തനം നടത്തി

**ലാഹോർ:** പാക്കിസ്ഥാനിലെ ലാഹോറിൽ രണ്ട് യുവ ക്രിസ്ത്യൻ പെൺകുട്ടികളെ അവർ ജോലി ചെയ്യുന്ന വീട്ടിലെ ഉടമസ്ഥർ നിർബന്ധിച്ച് മത പരിവർത്തനം നടത്തിയതായി യുവതികളുടെ ബന്ധു പരാതിപ്പെട്ടു. ബന്ധുക്കളായ രണ്ടുപേരുടെ വീട്ടിലെ സാധാരണ ജോലിക്കാരായിരുന്നു മഹാം മൻസൂർ(18) അനും മൻസൂർ(20) ഇവരെ നിർബന്ധിപ്പിച്ച് ഇസ്ലാം മതം സ്വീകരിപ്പിച്ചെന്നും ക്രിസ്ത്യൻ ബന്ധുക്കളെ കാണാൻ അനുവദിക്കുന്നില്ലെന്നും ഇവരുടെ അമ്മായി നസ്രീൻ ബീബി പറഞ്ഞു.

പോലീസും കോടതിയും ഞങ്ങൾക്ക് അനുകൂലമല്ല.അഞ്ചു വർഷം മുമ്പ് സഹോദരൻ മരിച്ച ശേഷം കുട്ടികളുടെ അമ്മ അവരെ ഉപേക്ഷിച്ചപ്പോൾ ബീബിയും ഭർത്താവും രണ്ട് സഹോദരിമാരുടെയും സംരക്ഷകരായി. ചർച്ച് ഓഫ് പാക്കിസ്ഥാനിൽ അംഗമായ ബീബി രണ്ടു പേർക്കും മുസ്ലീം വീടുകളിൽ മുഴുസമയ വീട്ടു ജോലി കണ്ടെത്തി. അവർ സ്വയം അദ്ധ്വാനിച്ച് ജീവിക്കട്ടെ എന്ന് കരുതിയാണ് അങ്ങനെ ചെയ്തത്.ഇസ്ലാം മതം സ്വീകരിക്കുന്നതിനെപ്പറ്റി ഇരുവരും ഒന്നും പറഞ്ഞിരുന്നില്ല.

ക്രിസ്മസ് ആഘോഷത്തിനായി ഡിസംബർ 8 ന് ബീബി മഹാമിനെ കൂട്ടികൊണ്ടുവരുവാൻ പോയി എന്നാൽ ആ വീട്ടുടമസ്ഥർ അവൾ ഇസ്ലാം മതം സ്വീകരിച്ചതായും ആരെയും കാണാൻ ആഗ്രഹമില്ലെന്നും പറഞ്ഞ് കാണാൻ വിസമ്മതിച്ചു. ഇവരുമായി ബന്ധമുള്ള അനുമിന്റെ തൊഴിലുടമ മുഹമ്മദ് അസ്മത്ത് ഇനി അനുമിനെ തേടി ചെല്ലേണ്ടതില്ലെന്നും പറഞ്ഞ് ബീബിക്ക് ഫോൺ വന്നു.പോലീസും സമൂഹവും ഇപ്രകാരമുള്ള കാര്യങ്ങളിൽ ഇരകൾക്കൊപ്പം നിൽക്കാറില്ല. പാക്കിസ്ഥാനിൽ ന്യൂനപക്ഷ പീഢനം വർദ്ധിച്ചു വരികയാണ്.



01 – ാം പേജ് തുടർച്ച

വിഭാഗത്തിന് പ്രത്യേക സെൽ പണിയാൻ അനുമതി നൽകുക, ആരാധനാലയങ്ങൾ പുതുക്കി പണിയുന്നതിന് അനുമതി നൽകുക, പെന്തക്കോസ്ത് സഭകളിലെ പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ സംവരണ ആനുകൂല്യങ്ങൾ നൽകുക തുടങ്ങിയ നിരവധി ആവശ്യങ്ങൾ ഉൾപ്പെടുന്ന നിവേദനം മുഖ്യമന്ത്രിക്ക് കൈമാറി. ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയതായി പാസ്റ്റർ ഒ എം രാജുക്കുട്ടി പറഞ്ഞു.

പ്രാർത്ഥന:
എന്റെ വഴി കുറവു തീർക്കുന്ന ദൈവമെ, അവിടുത്തെ പാതകൾ എന്റെ കണ്ണിനു ഇമ്പമായി മാറട്ടെ. ആമേൻ.

Available on the iPhone App Store
ANDROID APP ON Google play

# ബിജെപി സർക്കാരുകളുടെ മതപരിവർത്തന നിയമത്തിനെതിരേ ജെഡിയു



**പട്ന:** ബിജോപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മതപരിവർത്തനം തടയുന്നതിനുള്ള നിയമം കൊണ്ടുവരുന്നതിനെ എതിർത്ത് എൻഡിഎ സഖ്യ കക്ഷിയായ ജെഡിയു പ്രമേയം പാസാക്കി. പട്നയിൽ നടന്ന പാർട്ടി ദേശീയ എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിലാണ് ബിജെപി സർക്കാരുകൾക്കെതിരെ പ്രമേയം പാസാക്കിയത്.

ഈ നിയമങ്ങൾ സമൂഹത്തിൽ വിദ്വേഷവും വിഭജനവും സൃഷ്ടിക്കുന്നുവെന്ന് ജെഡിയു വക്താവ് കെ സി ത്യാഗി പറഞ്ഞു. ലവ് ജിഹാദ് എന്ന പേരിൽ രാജ്യത്ത് വിദ്വേഷത്തിന്റെയും വിഭജനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. പ്രായപൂർത്തിയായ 2 പേർക്ക് മതം,ജാതി എന്നിവ പരിഗണിക്കാതെ ഇഷ്ടമുള്ള ജീവിത പങ്കാളികളെ തിരഞ്ഞെടുക്കുവ്ൻ ഭരണഘടന സ്വാതന്ത്ര്യം നൽകുന്നു. ത്യാഗി പറഞ്ഞു. ഈ വിഷയങ്ങളിൽ പാസാക്കുന്ന നിയമങ്ങൾക്ക് എതിരാണ് പാർട്ടിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഉത്തർപ്രദേശിനു പിന്നാലെ മധ്യപ്രദേശ് സർക്കാരും മതപരിവർത്തനം തടയുന്നതിനുള്ള ബിൽ കൊണ്ടുവന്നിരുന്നു. അടുത്താഴ്ച ചേരുന്ന മധ്യപ്രദേശ് നിയമസഭാ സമ്മേളനത്തിൽ ബില്ലവതരിപ്പിക്കുമെന്നാണ് സൂചന. ബീഹാറിൽ ബിജെപിയുമായി സഖ്യത്തിലുള്ള ജെഡിയു ഇത്തരത്തിലൊരു പ്രമേയം പാസാക്കിയത് മുന്നണിക്കുള്ളിലെ ഭിന്നത വലുതാക്കിയിട്ടുണ്ട്. നേരത്തെ അരുണാചൽ പ്രദേശിൽ ആറ് ജെഡിയു എംഎൽഎ മാർ ബിജെപിയിൽ ചേർന്നത് ഇരുപാർട്ടികളും തമ്മിൽ ഭിന്നിപ്പിനിടയാക്കിയിരുന്നു.സഖ്യ ധർമ്മത്തിന്റെ ലംഘനം എന്നാണ് അരുണാചലിലെ സംഭവ വികാസങ്ങളെ ജെഡിയു ദേശീയ എക്സിക്യൂട്ടീവ് വിശേഷിപ്പിച്ചത്.

# നൈജീരിയൻ ക്രൈസ്തവരെ കൊലപ്പെടുത്തുന്ന വീഡിയോ പുറത്തുവിട്ട് ഐഎസ്



നൈജീരിയ: ഇക്കഴിഞ്ഞ ക്രിസ്മസ് ദിനത്തിൽ വടക്ക് കിഴക്കൻ നൈജീരിയയിൽ നിന്നും തീവ്രവാദികൾ തട്ടിക്കൊണ്ടുപോയി ബന്ധിയാക്കിയ ക്രൈസ്തവരെ കൊലപ്പെടുത്തുന്ന വീഡിയോ ഇസ്ലാമിക് സ്റ്റേറ്റ് പുറത്തുവിട്ടു. ക്രൈസ്തവ വിശ്വാസം ഏറ്റുപറഞ്ഞതിന്റെ പേരിൽ വെടിവെച്ചു കൊല്ലുന്ന വീഡിയോ ഐഎസ് ന്റെ വാർത്താ ഏജൻസിയായ അമാക്ക് ആണ് പുറത്തുവിട്ടത്. ഓറഞ്ച് വസ്ത്രമിട്ട് കൈകൾ പിന്നിൽ ബന്ധിച്ച നിലയിൽ മുട്ടുകുത്തി നിൽക്കുന്ന ക്രൈസ്തവർക്ക് പിന്നിൽ നിൽക്കുന്ന ഇസ്ലാമിക് സ്റ്റേറ്റ് വെസ്റ്റ് ആഫ്രിക്ക പ്രൊവിൻസിൽപ്പെട്ട ആയുധധാരികളായ തീവ്രവാദികൾ പേര് പറയുവാൻ ഹൗസാ ഭാഷയിൽ ആജ്ഞാപിക്കുന്നതും പേരിനൊപ്പം 'ഞാൻ ഒരു ക്രിസ്ത്യാനിയാണ്' എന്ന് ബന്ധികൾ പറയുന്നതും വീഡിയോയിൽ ദൃശ്യമാണ്.

നൈജീരിയയിലും ലോകമെമ്പാടുമുള്ള ക്രൈസ്തവർക്കും ഇതൊരു മുന്നറിയിപ്പായിരിക്കട്ടെയെന്നും നിങ്ങളുടെ ദൈവീകമല്ലാത്ത ആചാരങ്ങൾക്ക് ഈ അഞ്ചു ക്രൈസ്തവരുടെ തലകൾ കൂടിഉപയോഗിച്ചോളു എന്നും പറഞ്ഞു കൊണ്ടാണ് വധിക്കുന്നത്. ഉകാ ജോസഫ്, സണ്ടേ, വിൽസൺ, ജോഷ്വാ, മൈദുഗു,ഗർബാ യൂസഫ് എന്നിവരാണ് കൊല്ലപ്പെട്ടതെന്നു മോർണിംഗ് സ്റ്റാർ ന്യൂസിന്റെ റിപ്പോർട്ടിൽ പറയുന്നു.ക്രിസ്മസ് ദിനത്തിൽ ഇസ്വാപ് തീവ്രവാദികൾ അഡാമാവ സംസ്ഥാനത്തിൽ നടത്തിയ ആക്രമണത്തിലാണ് 11 ക്രിസ്ത്യാനികളും ബന്ധിയാക്കപ്പെടുന്നത്. ആറ് ക്രൈസ്തവർ ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു. ഗാർകിഡ പട്ടണത്തിൽ നടന്ന ആക്രമണത്തിൽ നിരവധി ക്രിസ്ത്യൻ ഭവനങ്ങളും ഒരു ആശുപത്രിയും അഗ്നിക്കിരയാക്കുകയും കടകളും സ്റ്റോറുകളും കൊള്ളയടിക്കുകയും ചെയ്തിരുന്നു.

കൊല്ലപ്പെട്ട 5 ക്രൈസ്തവരും ക്രിസ്മസ് ദിനത്തിൽ തട്ടിക്കൊണ്ടുപോകപ്പെട്ട 11 പേരിൽ ഉൾപ്പെട്ടവരാണെന്നു അറിയിച്ചു കൊണ്ടുള്ള പ്രദേശവാസികളുടെ സന്ദേശം ഡിസംബർ 30 നാണ് മോർണിംഗ് സ്റ്റാർ ന്യൂസിന് ലഭിക്കുന്നത്. തന്റെ സഹോദരൻ ഉൾപ്പെടെ 4 ക്രിസ്ത്യാനികൾ വിശ്വാസത്തിന്റെ പേരിൽ കൊല്ലപ്പെട്ടെന്ന് വടക്കൻ നൈജീരിയയിലെ മോസസ് അബാർഷി എന്ന ക്രിസ്ത്യൻ നേതാവ് തങ്ങളെ അറിയിച്ചതായി പറയുന്നു.ഇസ്ലാമിൽ നിന്നും ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നവർക്കുള്ള മുന്നറിയിപ്പെന്ന് പറഞ്ഞുകൊണ്ട് 5 പേരെ കൊല്ലുന്ന വീഡിയോ ഇക്കഴിഞ്ഞ ജൂലൈ 22 ന് ഇസ്വാപ് പുറത്തുവിട്ടിരുന്നു. ക്രൈസ്തവർ ഏറ്റവുമധികം പീഢിപ്പിക്കപ്പെടുന്ന രാഷ്ട്രങ്ങളെ കുറിച്ച് ഓപ്പൻഡോഴ്സ് യു എസ് എ പുറത്തുവിട്ട പട്ടികയിൽ 12 മതാണ് നൈജീരിയയുടെ സ്ഥാനം.



THE END TIME NEWS
VOICE OF HARVESTING SOULS MISSION



04–ാം പേജ് തുടർച്ച

എന്ന് ആവശ്യപ്പെടുമ്പോൾ സമാധാനം ശിക്ഷയിൽ നിന്നുമുള്ള വിടുതലിലൂടെ ലഭ്യമാകുന്നു. ക്രിസ്തു ക്രൂശിൽ മരിക്കുമ്പോൾ ഇതു തന്നെയാണ് സംഭവിച്ചത്. പാപിക്കു ലഭിക്കേണ്ട ശിക്ഷ ക്രിസ്തുവിന്റെ മേൽ ചുമത്തി ദൈവനീതി നിവർത്തിക്കപ്പെട്ടു. പകരം പാപിക്കു വിടുതൽ അതിലൂടെ സമാധാനം ലോക മനുഷ്യനു ഇതൊരു ഭോഷത്വമായി തോന്നാമെഹ്കിലും ദൈവത്തിന്റെ ജ്ഞാനം മനുഷ്യരുടെ ജ്ഞാനത്തെക്കാൾ ശ്രേഷ്ഠമായിരിക്കയാൽ ദൈവജ്ഞാനമായ ക്രിസ്തുവിനെത്തന്നെയാഗമാക്കി സമാധാനം സ്ഥാപിച്ചു.

സമാധാനത്തെ നമുക്ക് മൂന്നു നിലകളിൽ ചിന്തിക്കാം. ഒന്നാമത് ദൈവത്തോട് സമാധാനം. രണ്ടാമത് ദൈവസമാധാനം.മൂന്നാമത് മറ്റുള്ളവരോട് സമാധാനം. വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമുക്ക് ദൈവത്തോടു സമാധാനം ഉണ്ട്. എന്നുവായിക്കുന്നു.(റോമർ 5:1) നീതീകരണം എന്നത് കുറ്റവാളിയെ ശിക്ഷിക്കാതെ വെറുതെ വിടുന്ന പ്രക്രിയയാണ്. അതുമൂലം പാപിയുടെ ഹൃദയത്തിൽ ഉണ്ടാകുന്ന അവാച്യമായ ആനന്ദമാണ് ശാശ്വതമായ സമാധാനത്തിലേക്ക് നമ്മെ നയിക്കുന്നത്. അപ്പോൾ ദൈവീകമായ സമാധാനം മനുഷ്യഹൃദയങ്ങളിൽ കളിയാടുന്നു. അനുദിന ജീവിത്തിൽ ആ സമാധാനം അനുഭവിച്ചുകൊണ്ട് ഒരു ദൈവപൈതലിനു ജീവിക്കാൻ കഴിയുന്നു. ജീവിതഭാരങ്ങളാലോ, ക്ലേശങ്ങളാലോ വലയുന്നവർക്കും ആ സമാധാനം കർത്താവു വാഗ്ദത്തംചെയ്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കയത്രെ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും(ഫിലി4:4) ഈ നിലയിൽ ദൈവസമാധാനം ഹൃദയങ്ങളിൽ അനുഭവമാക്കിയവർക്കു മറ്റുള്ളവരോടും സമാധാനം ആചരിപ്പാൻ കഴിയും. നമ്മിൽ സമാധാനം ഉണ്ടെങ്കിൽ മാത്രമെ മറ്റുള്ളവർക്കു സമാധാനം നൽകാൻ കഴിയും സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും എന്ന് കർത്താവു പഠിപ്പിച്ചു. രണ്ടു വ്യക്തികൾ തമ്മിലോ കുടുംബങ്ങൾ തമ്മിലോ രാഷ്ട്രങ്ങൾ തമ്മിലോ സമാധാനഭഞ്ജനം ഉണ്ടായാൽ അവരെ തമ്മിൽ യോജിപ്പിക്കുകയും സമാധാനം ഉണ്ടാക്കുകയും ചെയ്യുന്നവരാണ്. ദൈവക്കൾ. എരിതീയീൽ എണ്ണ ഒഴിക്കാതെ അൽപ്പം വെള്ളമൊഴിച്ചാൽ സാവകാശം ആ തീ കെട്ടു പോകും. അതിന്റെ ഫലം കണ്ടു നമുക്കു സന്തോഷിക്കുവാനും ദൈവത്തിനുമഹത്വം കരേറ്റുവാനുമിടയാകും.

നാം ദൈവത്തിന്റെ ശത്രുക്കളായിരുന്നപ്പോൾ തന്നെ പുത്രന്റെ മരണത്താൽ നിരപ്പു വന്നു. അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ അവൻ മുഖാന്തരം സമാധാമമുണ്ടാക്കി.(കൊലോ1:20)

സമാധാന യാഗത്തിൽ ഒരു മദ്ധ്യസ്ഥന്റെ ആവശ്യകത വ്യക്തമാക്കുന്നു. ശത്രുക്കളെ തമ്മിൽ നിരപ്പിക്കണമെങ്കിൽ അത് അത്യന്ത്യാപേക്ഷിതമാണ്. ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥൻ ഒരുവൻ എല്ലാവർക്കും വേണ്ടി തന്നെത്താൻ മറുവിലയായി അർപ്പിച്ച മനുഷ്യനായ ക്രിസ്തുയേശു തന്നെ(1 തിമോ2:5) നമ്മുടെ കർത്താവു ഏകവഴിയും, ഏകവാതിലും, ഏകരക്ഷകനും, ഏകമദ്ധ്യസ്ഥനും തന്നെ. അനേക മദ്ധ്യസ്ഥന്മാരെയും, മദ്ധ്യസ്ഥകളെയും ദൈവം വച്ചിട്ടില്ല. എന്നതിനാൽ ഇന്നു കാണുന്ന മനുഷ്യ മദ്ധ്യസ്ഥരെ നാം ആശ്രയിക്കാതിരിക്കുക. യേശുവിന്റെ അമ്മയായ മറിയയെ മദ്ധ്യസ്ഥയാക്കി പ്രാർത്ഥിക്കുകയോ ആരാധിക്കുകയോ ചെയ്യുമ്പോൾ മറിയയുടെ ആത്മാവുപോലും ദു:ഖിക്കുന്നുണ്ടാകും. ഇല്ലാത്ത കഥകൾ കെട്ടിച്ചമച്ച് മറിയയെ സ്വർഗ്ഗരാജ്ഞിയും ദൈവമാതാവുമാക്കി പ്രാർത്ഥിക്കുവാനോ, ആരാധിക്കുവാനോ വചനത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല.

മദ്ധ്യസ്ഥന്മാർ നിരപവാദ്യനും ഇരുപക്ഷത്തിനും സമ്മതനും പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തനുമായിരിക്കണം. എല്ലാ നിലയിലുമുള്ള യോഗ്യതകളും തികഞ്ഞ വ്യക്തിയാണ് ക്രിസ്തു. ദൈവകാര്യത്തിൽ താൻ പൂർണ്ണ ദൈവവും മനുഷ്യരോടുള്ള ബന്ധത്തിൽ താൻ പൂർണ്ണ മനുഷ്യനുമാണ്. താൻ തന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കയാഗത്തിൽപ്പെടുന്നവരെ സഹായിപ്പാൻ ശക്തനാകേണ്ടതിന് കർത്താവു സകലത്തിലും തന്റെ സഹോദരന്മാരോട് സദൃശനായിത്തീർന്നു എന്നു വായിക്കുന്നു. അങ്ങനെ യേശു ക്രിസ്തു എന്ന ഏക മദ്ധ്യസ്ഥനിലൂടെ സമാധാന സംസ്ഥാപനവും നീതി നിർവ്വഹണവും പാപപ്രശ്നത്തിന് എന്നേയ്ക്കുമുള്ള പരിഹാരവും കൈവന്നിരിക്കുന്നു(റോമർ5:1, 3:25,26)

സമാധാനയാഗത്തിൽ അർപ്പിക്കേണ്ട മൃഗങ്ങൾ ഹോമയാഗത്തിലേതുപോലെ തന്നെ കാളയോ, കോലാടോ, ചെമ്മരിയാടോ ആണ്. ഊനമില്ലാത്ത ആണിനെയോ, പെണ്ണിനെയോ അർപ്പിക്കാം. ഹോമയാഗത്തിൽ ആണിനെ മാത്രമെ അർപ്പിക്കാവൂ. അർപ്പകൻ സ്വമേധയാ കൊണ്ടുവരേണ്ടതും അവൻ അതിന്റെ തലയിൽ കൈവച്ച് സ്വന്തകൈയ്യാൽ അറുക്കേണ്ടതുമാണ്. രക്തം യാഗപീഠത്തിന്റെ ചുറ്റിലും പുരോഹിതന്മാർ തളിക്കയും കരളിലും, കുടലിലും നാഭിയിലും ഉള്ള മേദസ്സൊക്കെയും പൂർണ്ണമായി യഹോവയ്ക്ക് അർപ്പിക്കേണ്ടതുമാണ്. അത് യഹോവയ്ക്ക് സൗരഭ്യവാസനയായ ദഹനയാഗമായിരിക്കും.

Available on the iPhone App Store
ANDROID APP ON Google play
theendtimenews.com

# യേശുവിന്റെ ഒരു പ്രസംഗം



*"എന്നെ കേൾക്കുന്നവരോട് ഞാൻ പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ പകയ്ക്കുന്നവർക്ക് ഗുണം ചെയ്വീൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ. നിങ്ങളെ ദുഷിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ.*




പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.

"എന്നെ കേൾക്കുന്നവരോട് ഞാൻ പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ പകയ്ക്കുന്നവർക്ക് ഗുണം ചെയ്വീൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ. നിങ്ങളെ ദുഷിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ. നിന്നെ ഒരു ചെകിട്ടത്തു അടിക്കുന്നവന്നു മറ്റതും കാണിച്ചുകൊടുക്ക; നിന്റെ പുതപ്പെടുക്കുന്നവന് വസ്ത്രവും കൊടുക്ക; നിന്നോടു ചോദിക്കുന്ന ഏവന്നും കൊടുക്ക; നിനക്കുള്ളതു എടുത്തുകളയുന്നവനോട് മടക്കി ചോദിക്കരുത്. മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ തന്നെ അവർക്കും ചെയ്ക. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ എന്ത് ബഹുമാനം കിട്ടും. പാപികളും അങ്ങനെ ചെയ്യുന്നുവല്ലോ. നിങ്ങൾക്കു നന്മ ചെയ്യുന്നവർക്ക് നന്മചെയ്താൽ എന്ത് പ്രതിഫലം കിട്ടും? പാപികളും അങ്ങനെ തന്നെ ചെയ്യുന്നുവല്ലോ. മടക്കിവാങ്ങിക്കൊള്ളാം എന്നി നിങ്ങൾ ആശിക്കുന്നവർക്കു നിങ്ങൾ കടം കൊടുത്താൽ നിങ്ങൾക്ക് എന്ത് കിട്ടും. പാപികളും കുറയാതെ മടക്കിവാങ്ങേണ്ടതിനു പാപികൾക്കു കടം കൊടുക്കുന്നുവല്ലോ. നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ, അവർക്കു നന്മ ചെയ്യുവിൻ; ഒന്നും പകരം ഇച്ഛിക്കാതെ കടം കൊടുപ്പിൻ; എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെ ആകുന്നു. നിങ്ങൾ അത്യുന്നതന്റെ മക്കൾ ആകും. അവൻ നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ. അങ്ങനെ നിങ്ങളുടെ പിതാവ് മനസ്സിലുള്ളവർ ആകുവിൻ. വിധിക്കരുത് എന്നാൽ നിങ്ങളെയും വിധിക്കയില്ല. ശിക്ഷയ്ക്കു വിധിക്കരുത്. എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകുകയില്ല. വിടുവീൻ, എന്നാൽ നിങ്ങളെയും വിടുവിക്കും. കൊടുപ്പീൻ എന്നാൽ നിങ്ങൾക്കും കിട്ടും. അമർത്തിക്കുലുക്കി കവിയുന്നോരു നല്ല അളവ് നിങ്ങൾക്കും തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും"

പ്രാർത്ഥന:

യേശുവെ അങ്ങയുടെ വചനത്തെ എന്റെ ജീവിതചര്യയാക്കി മാറുവാൻ കൃപ തരണമേ. ആമേൻ

**Property for IMMEDIATE sale at Kozhuvalloor, Chengannur!**

House plot (30 cents) for sale in Kozhuvalloor, 10 minutes' drive (7 kilometers) from Chengannurtown. Original land with well water, that never runs dry even in summer. Frontage (30 ft.) Panchayath Road. No flood area. Suitable for residential and business needs. Very close to all amenities including schools, colleges, professional colleges, banks, temples, churches, government offices etc. Property of Pastor's family. Anyone interested, please contact Mr. A J John at +91 9745862898 or 04722898033. Email – maanueljoseph@gmail.com.

# ഐ പി സി സഭാംഗം എൻ എം രാജു രാജ്യസഭാംഗമായേക്കും

*നിലവിൽ രാജ്യസഭാംഗമായ ജോസ് കെ മാണി രാജിവെയ്ക്കുന്ന ഒഴിവിലേയ്ക്കാണ് എൻ എം രാജുവിനെ പരിഗണിക്കുന്നത്.*

**തിരുവല്ല:** പെന്തക്കോസ്തുകാരുടെ ഇടയിൽ നിന്നുള്ള പ്രമുഖ രാഷ്ട്രീയ പ്രവർത്തകൻ ശ്രീ. എൻ എം രാജു രാജ്യസഭാംഗമാകുവാൻ സാധ്യതയേറുന്നു. ആഞ്ഞിലിത്താനം ഐ പി സി സഭാംഗമായ രാജു കേരളാ കോൺഗ്രസ്(എം) പത്തനംതിട്ട ജില്ലാ പ്രസിഡന്റാണ്. നിലവിൽ രാജ്യസഭാംഗമായ ജോസ് കെ മാണി രാജിവെയ്ക്കുന്ന ഒഴിവിലേയ്ക്കാണ് എൻ എം രാജുവിനെ പരിഗണിക്കുന്നത്. മാസങ്ങൾക്കകം നടക്കാൻ പോകുന്ന കേരളാ നിയമസഭാ തിരഞ്ഞെടുപ്പിൽ റാന്നി മണ്ഡലത്തിൽ സ്ഥാനാർത്ഥിയാകുന്നതിനുള്ള തയ്യാറെടുപ്പിലായിരുന്നു അദ്ദേഹം.



# പാലക്കാട് ഒറ്റപ്പാലം പാസ്റ്റർ പ്രേംകുമാർ സുവിശേഷ വിരോധികളുടെ ആക്രമണത്തിനിരയായി

ഒറ്റപ്പാലം: ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ സെന്റർ ചർച്ച് ശുശ്രൂഷകനായ പാസ്റ്റർ പ്രേംകുമാർ ആണ് ആക്രമണത്തിനിരയായത്. ചെറിക്കാട്ട് പുലം എന്ന സ്ഥലത്ത് താമസിക്കുന്ന ഒരു ഭവനത്തിൽ പ്രാർത്ഥനയ്ക്ക് ചെന്നതായിരുന്നു. പ്രാർത്ഥന കഴിഞ്ഞപ്പോൾ രുപേർ വന്ന് സംസാരിക്കാനു് എന്നു പറഞ്ഞ് പാസ്റ്ററെ പുറത്തേയ്ക്ക് കൊുപോയി.അവിടെ നിന്നിരുന്ന അമ്പതോളം പേർ ചേർന്ന് പാസ്റ്ററെ മർദ്ദിക്കുകയുായി. മർദ്ദനം ക് പാസ്റ്ററുടെ ഭാര്യയും മറ്റ് സ്ത്രീകളും നിലവിളിച്ചതോടെ ഇനി മേലാൽ ഈ ദേശത്ത് വരരുതെന്ന ഭീഷണി മുഴക്കി അക്രമികൾ പിൻ തിരിയുകയായിരുന്നു. ഉടൻ തന്നെ പാസ്റ്ററെ ഒറ്റപ്പാലം ഗവർൺമെന്റ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ആക്കി.കർതൃദാസനും കുടുംബവും 8 വർഷമായി ഇവിടെ താമസിച്ച് സുവിശേഷ വേല ചെയ്തു വരികയാണ്.ഈ കുടുംബത്തെ ഓർത്ത് പ്രാർത്ഥിച്ചാലും.



03-ാം പേജ് തുടർച്ച

കേൾക്കാതെ മറുതലിച്ച ദൈവത്തിന്റെ ജനം, 23 വർഷം തുടർച്ചയായി താൻ പ്രവചിച്ചിട്ടും കേൾക്കാത്തവർ (25:3-4) തങ്ങളുടെ പ്രവർത്തികൾക്കൊണ്ട് ദൈവത്തെ കോപിപ്പിച്ചു. അങ്ങനെ അവർക്ക് 70 വർഷത്തെ പ്രവാസം വിധിക്കപ്പെട്ടു. (25:11). പിന്നീട് ബാബേലിലേക്ക് പിടിച്ചുകൊണ്ട് പോകപ്പെട്ട (29:4) ദൈവത്തിന്റെ ജനത്തോടും, പുരോഹിതന്മാരോടും ദൈവം തന്റെ പ്രത്യാശയുടെ ദൂത് കൊടുക്കുന്നു. നിങ്ങൾ പേടിക്കണ്ടാ, എനിക്ക് നിങ്ങളെ കുറിച്ച് പദ്ധതിയുണ്ട്. നിങ്ങൾ പണ്ട് അനുഭവിച്ച സന്തോഷത്തിലേയ്ക്ക്, സ്വന്തദേശത്തേക്ക് മടങ്ങിവരും. നിങ്ങൾക്ക് നഷ്ടപ്പെട്ടു എന്ന് വിചാരിക്കുന്നതെല്ലാം തിരികെ പ്രാപിക്കും, നിങ്ങൾക്ക് ഒരു ശുഭ ഭാവിയുണ്ട്. നോക്കൂ പ്രിയരേ, ദൈവത്തിൽ നിന്ന് അകന്നുപോയെങ്കിലും, ദൈവത്തിന്റെ കരുതൽ എത്ര മനോഹരമാണ്. ഈ 70 സംവത്സരം നിങ്ങൾ ചെയ്യേണ്ടുന്നത്...

1. 5-6 നിങ്ങൾ ആയിരിക്കുന്ന സ്ഥലത്ത്, സാഹചര്യത്തിൽ സന്തോഷം അനുഭവിക്കുക. പൗലോസ് കാരാഗൃഹത്തിൽ കിടന്നും പറയുന്നു. "Rejoice Always" (ഫിലിപ്പിയർ 4:4). നാം സുരക്ഷിതരായിരിക്കില്ല, തൃപ്തരായിരിക്കില്ല പക്ഷെ നമ്മുടെ തെറ്റായ തീരുമാനങ്ങൾ കൊണ്ട് ദൈവം അനുവദിച്ച സമയത്തെ നാം കടന്നേ മതിയാവൂ. ദൈവത്തിന് പദ്ധതിയുണ്ട്.
2. നാം ആയിരിക്കുന്ന ദേശത്തിനായി പ്രാർത്ഥിക്കുക. അവരുടെ നന്മയ്ക്കായി ആഗ്രഹിക്കുക. അടിമകളായി കൊണ്ടുവന്നവരല്ലേ നശിച്ച് പോകണമെന്ന് ആഗ്രഹിക്കുന്നത് തെറ്റാണ്. നന്മയാൽ തിന്മയെ ജയിക്കണം. കാരണം ദൈവത്തിന് പദ്ധതിയുണ്ട്.
3. 8-9 ദൈവ ശബ്ദം തിരിച്ചറിയണം. ദൈവം അരുളിചെയ്തതാണെന്ന് പറഞ്ഞ് പറ്റിക്കുന്നവരെ തിരിച്ചറിയണം. അദ്ധ്യായം 27 കള്ള പ്രവാചകൻ ഹനന്യാവ് ജനത്തെ തെറ്റിദ്ധരിപ്പിക്കുന്നു. ദൈവം അനുവദിച്ച സമയത്തെ നമ്മുടെ പ്രതിസന്ധി തീരൂ. അവിടുന്ന് സകലതും അവിടുത്തെ സമയത്ത് നന്നായി ചെയ്യുന്നവനാണ്.

പ്രിയരേ, നമ്മുടെ ഇന്നലകളിലെയും, ഇന്നത്തെയും കാര്യങ്ങൾ മാത്രമേ നമുക്കറിയാം. എന്നാൽ നമ്മുടെ ആരംഭംമുതൽ അവസാനം വരെ അറിയാവുന്നവനാണ് നമ്മുടെ ദൈവം (യെശയ്യാവ് 55:8-9). എന്റെ വിചാരങ്ങൾ അല്ല നിങ്ങളുടെത്, നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല (സദൃശ്യവാക്യം 19:21). മനുഷ്യന്റെ ഹൃദയത്തിൽ പല വിചാരങ്ങളുണ്ട്. യഹോവയുടെ ആലോചനയോ നിവൃത്തിയാവും. നാം എന്തെല്ലാം കണക്ക് കൂട്ടിയാലും ദൈവത്തിന്റെ ഉദ്ദേശ്യം മാത്രം നടക്കുകയുള്ളു (ഇയ്യോബ് 42:2) അതുകൊണ്ട് ഈ പുതുവർഷം നമ്മുടെ പ്രവർത്തികളെ ദൈവത്തിന് സമർപ്പിക്കാം(സദൃശ്യ. 16:3) യോസേഫ് പൊട്ടക്കിണറ്റിൽ വീണാലും, അടിമയായി വിൽക്കപ്പെട്ടാലും പോത്തീഫറിന്റെ വീട്ടിൽ ഒതുക്കാൻ നോക്കിയാലും, കാരാഗൃഹത്തിലടക്കപ്പെട്ടാലും ഒരുനാൾ പുറത്ത് വരും. തന്റെ വാഗ്ദത്തിനും, അതിന്റെ നിവൃത്തിക്കുമിടയിൽ ചില വർഷങ്ങളുണ്ട്. അത് ദൈവം അനുവദിച്ചതാണ് തരണം ചെയ്തേ പറ്റൂ.

ദാവീദ് കാട്ടിനകത്താണ് പുറം ലോകവുമായി അധികം ബന്ധങ്ങളില്ല, ഗുഹകളിലും പാറകെട്ടാലും കിടന്നുറങ്ങിയ നീണ്ടനാൾ.. എന്നാൽ അഭിഷേകം ചെയ്യപ്പെട്ടവൻ എവിടെ ആണെങ്കിലും ദൈവത്തിന്റെ പദ്ധതിയ്ക്കായി പുറത്ത് വരും. കാട്ടാട്ടിൻ പാറയിൽ നിന്ന് ദേവദാരുകൊണ്ട് പണിത സ്വർണ്ണം പൊതിഞ്ഞ കൊട്ടാരത്തിലേക്ക് ഒരു യാത്ര.

പ്രിയ അനുവാചകരേ നമ്മുടെ ജീവിതത്തിൽ എന്ത് നടക്കണം എന്ന് ദൈവം തീരുമാനിച്ചിട്ടുണ്ട്. താൻ എന്ത് ചെയ്‌വാൻ പോകുന്നുവെന്ന് താൻ അറിഞ്ഞിരുന്നു. നമുക്കൊരു ശുഭ ഭാവിയുണ്ട്. നമ്മുടെ ഏറ്റവും വലിയ പ്രത്യാശ കർത്താവിന്റെ മേഘ പ്രത്യക്ഷത തന്നെയാണ്. അതിനായി നമുക്ക് ഒരുങ്ങാം. ഇതാ അവൻ വേഗം വരുന്നു.

ഈ പുതുവർഷം നമുക്കെല്ലാം പ്രാർത്ഥനയുടെയും, പ്രത്യാശയുടെതുമായിരിക്കട്ടെ. നിന്റെ ആത്മാവ് ശുഭമായിരിക്കട്ടെ. ആമേൻ




# കരിയംപ്ലാവ് ഡബ്ലിയു എംഇ കൺവൻഷൻ ഫെബ്രുവരി 22 മുതൽ 28 വരെ

റാന്നി: പ്രമുഖ പെന്തക്കോസ്ത് സംഗമങ്ങളിലൊന്നായ 72 മത് കരിയംപ്ലാവ് ഡബ്ലിയുഎംഇ കൺവൻഷൻ ഫെബ്രുവരി 22 മുതൽ 28 വരെ കരിയംപ്ലാവ് പ്രോട്ടോക്കോൾ പാലിച്ചു നടത്തുവാൻ തീരുമാനിച്ചു.ഗവർൺമെന്റ് നിർദ്ദേശങ്ങൾ പാലിച്ച് അനുവദനീയമായ ആളുകളെ പങ്കെടുപ്പിച്ചു കൊണ്ടാണ് യോഗങ്ങൾ നടത്തുന്നത്. വെർച്ച്വൽ പ്ലാറ്റ്ഫോമിൽ നടക്കുന്ന യോഗങ്ങൾ വിവിധ ചാനലുകളും മാധ്യമങ്ങളും ലൈവ് സ്ട്രീമിംഗ് നിർവഹിക്കും.ദൈവജനത്തിന് കൂട്ടമായി വരുവാൻ കഴിയാത്തതിനാൽ അതാതു സഭാഹാളുകളിൽ ഒത്തുകൂടി ചാനലുകളിലെ സ്ട്രീമിംഗിലൂടെ ആരാധനയിൽ പങ്കെടുക്കുവാൻ സഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അനുഗ്രഹീതരായ കർതൃദാസൻമാർ വചനഘോഷണം നിർവഹിക്കും.സെലസ്റ്റ്യൽ റിഥം ബാന്റ് സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. സൺഡേ സ്കൂൾ മിനിസ്ട്രി, യൂത്ത് ഫെലോഷിപ്പ്, ലേഡീസ് ഫെലോഷിപ്പ് വാർഷിക സമ്മേളനങ്ങൾ എന്നിവ ഉണ്ടായിരിക്കും. ഈ വർഷം ഭക്ഷണം ഉണ്ടായിരിക്കുന്നതല്ല. കേരളത്തിന് പുറത്തു നിന്നുള്ള വിശ്വാസികൾ പങ്കെടുക്കുന്നതല്ല. പകൽ യോഗങ്ങൾ ശനിയും ഞായറും മാത്രമേ ഉണ്ടായിരിക്കയുള്ളു. സ്നാന ശുശ്രൂഷയും കർതൃമേശയും ഒഴിവാക്കിയിട്ടുണ്ട്. കൺവൻഷന്റെ അനുഗ്രഹത്തനു വേണ്ടി ജനുവരിയിലും ഫെബ്രുവരിയിലും സൂം പ്ലാറ്റ്ഫോമിൽ പ്രാർത്ഥന ഉണ്ടായിരിക്കും.

## മഹാന്മാരുടെ സാക്ഷ്യങ്ങൾ

**മഹാത്മഗാന്ധി:** "ഞാൻ ക്രിസ്തുവിനെ ഇഷ്ടപ്പെടുന്നു നിരപരാധിയായ ഒരു മനുഷ്യൻ മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്തു. തന്നെ ഉപദ്രവിച്ചവർക്കു വേണ്ടിയുംകൂടെ അത് ലോകത്തിന്റെ വീണ്ടെടുപ്പിന് കാരണമായി. ഇത് ഒരു സമ്പൂർണ്ണ പ്രവർത്തിയായിരുന്നു.

**എച്ച്. ജി. വെൽസ്:** "ഞാനൊരു ചരിത്രകാരനാണ്. എന്നാൽ ഒരു ചരിത്രക്കാരൻ എന്ന നിലയിൽ ഞാൻ ഏറ്റു പറയുന്നു. നസറെത്തിൽ നിന്നുള്ള ഒരു നിർദ്ധനനായ പ്രസംഗകൻ ചരിത്രത്തിന്റെ നടുനായകത്വം വഹിക്കുന്നു. ചരിത്രത്തിൽ എക്കാലത്തും നിറഞ്ഞു നിൽക്കുന്ന ഒരേയൊരു വ്യക്തി യേശ

# ഒറ്റപ്പാലത്ത് പാസ്റ്ററെ ആക്രമിച്ച കേസിൽ 10 ആർ എസ് എസ് പ്രവർത്തകർ അറസ്റ്റിൽ

**ഒറ്റപ്പാലം:** പാസ്റ്റർ പ്രേംകുമാർ അക്രമിക്കപ്പെട്ട സംഭവത്തിൽ ഊർജ്ജിത അന്വേഷണത്തിൽ പോലീസ് പത്തു പ്രതികളെ അറസ്റ്റ് ചെയ്തു. മറ്റു പ്രതികൾക്കായി അന്വേഷണം തുടരുകയാണ്. പിടിയിലായവർ സംഘപരിവാർ പ്രവർത്തകരാണ്. കഴിഞ്ഞ ശനിയാഴ്ചയാണ് പാസ്റ്ററിനു നേരെ അക്രമണം ഉണ്ടായത്. വാഹനത്തിനും കേട് സംഭവിച്ചിരുന്നു. സാമൂഹ്യ പ്രവർത്തകർ എല്ലാ നിയമസഹായങ്ങളും വാഗ്ദാനം ചെയ്തിരുന്നു.

# യു പി യ്ക്ക് ശേഷം നിർബന്ധിത മതപരിവർത്തന നിരോധന ബിൽ പാസാക്കി മധ്യപ്രദേശും

ഭോപ്പാൽ: നിർബന്ധിത മതപരിവർത്തനം തടയുന്നതിനുള്ള ബിൽ മധ്യപ്രദേശ് മന്ത്രിസഭ ശബ്ദവോട്ടോടെ പാസാക്കി. മന്ത്രിസഭയുടെ അംഗീകാരം ലഭിച്ച ബിൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കും. ബില്ലിന് നിയമസഭയുടെ അംഗീകാരം ലഭിച്ചാൽ നിർബന്ധിത മതപരിവർത്തനം പരമാവധി പത്തുവർഷം തടവും ഒരു ലക്ഷം രൂപ പിഴയും ലഭിക്കാവുന്ന കുറ്റമായി മാറും. മുമ്പ് ഉത്തർപ്രദേശ് സർക്കാർ സമാനമായി നിയമം പാസാക്കിയിരുന്നു. അതിനെ പിൻപറ്റിയാണ് മധ്യപ്രദേശും മതപരിവർത്തന നിരോധന നിയമം നടപ്പിലാക്കുന്നത്.

നിയമം പ്രാബല്യത്തിലാക്കുന്നതോടെ പ്രായപൂർത്തിയാകാത്തവർ, സ്ത്രീകൾ,പട്ടികജാതി, പട്ടികവർഗത്തിൽപ്പെട്ടവർ എന്നിവരെ നിർബന്ധിച്ച് മതപരിവർത്തനം നടത്തിയതാണെന്ന് തെളിഞ്ഞാൽ പത്തുവർഷം വരെ തടവ് ലഭിച്ചേക്കാം. മതപരിവർത്തനം ലക്ഷ്യമിട്ടു കൊണ്ടുള്ള വിവാഹങ്ങൾ അസാധുവായി പരിഗണിക്കും. തെറ്റിദ്ധരിപ്പിച്ചു കൊണ്ടോ വിവാഹത്തിലൂടെയോ വശീകരിച്ചോ ഭീഷണിപ്പെടുത്തിയോ മതപരിവർത്തനം നടത്തുന്നത് തടയുക എന്നുള്ളതാണ് ധർമ സ്വാതന്ത്ര്യം ബിൽ 2020 ലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. നിയമം വരുന്നതോടെ യഥാർത്ഥത്തിൽ മതപരിവർത്തനം നടത്താൻ ആഗ്രഹിക്കുന്നവർ രണ്ടുമാസം മുമ്പ് ജില്ലാ ഭരണകൂടത്തിന് മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതായി വരും

# ഐ പി സി ചെന്നൈ മെട്രോ സെന്റർ വാർഷിക കൺവൻഷൻ ഫെബ്രുവരി 5 ന്

**ചെന്നൈ:** ഐപിസി ചെന്നൈ മെട്രോ ഡിസ്ട്രിക്ടിന്റെ 23 മത് വാർഷിക കൺവൻഷൻ ഫെബ്രുവരി 5,6,7 തിയതികളിൽ നടക്കും. ഡിസ്ട്രിക്ട് പാസ്റ്റർ രാജു എം ചെറിയാൻ ഉദ്ഘാടനം നിർവഹിക്കും. ദിവസവും വൈകിട്ട് 6 മുതൽ 9 വരെ സൂം ആപ്ലിക്കേഷൻ മുഖേന നടക്കുന്ന മീറ്റിംഗിൽ പാസ്റ്റർമാരായ കിങ്സി ചെല്ലൻ, ബി.മോനച്ചൻ, സാം ജോർജ്ജ് എന്നിവർ പ്രസംഗിക്കും. സിസ്റ്റർ പെർസിസ് ജോൺ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

സൂം ഐ ഡി :82887911162

പാസ്കോഡ്: 123456

# ഐ പി സി കർണാടക സ്റ്റേറ്റ് വാർഷിക കൺവൻഷൻ 2021 ഫെബ്രുവരി 7 മുതൽ 14 വരെ

ബെംഗളൂരു: ഐ പി സി കർണാടക സ്റ്റേറ്റ് വാർഷിക കൺവൻഷൻ ഹൊറമാവ് അഗര ഐ പി സി ഹെഡ്ക്വാർട്ടേഴ്സിൽ വച്ച് 2021 ഫെബ്രുവരി 7 മുതൽ 14 വരെ നടക്കും. പാസ്റ്റർ ജോസ് മാത്യൂ ജനറൽ കൺവീനറായും പാസ്റ്റർ എ വൈ ബാബു, ബ്രദർ റെജി ജോർജ് എന്നിവർ കൺവീനർമാരായും തിരഞ്ഞെടുക്കപ്പെട്ടു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പകൽ യോഗങ്ങൾ ഒഴിവാക്കി വൈകുന്നേരം 6 മുതൽ 8 വരെയാണ് സുവിശേഷ യോഗം നടക്കുക. സ്വദേശത്തു നിന്നും വിദേശത്ത് നിന്നും ദൈവദാസന്മാർ ദൈവവചന ശുശ്രൂഷ നിർവഹിക്കും. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് 200 പേർക്ക് കൺവൻഷൻ ഗ്രൗിൽ പ്രവേശനാനുമതി നൽകും.

ഓൺലൈൻ മാധ്യമങ്ങളിലൂടെ കൺവൻഷൻ തത്സമയം വീക്ഷിക്കുവാൻ ലോകമെമ്പാടുമുള്ള ദൈവജനത്തിന് അവസരമൊരുക്കുമെന്നും ജനറൽ കൺവീനർ പാസ്റ്റർ ജോസ് മാത്യൂ അറിയിച്ചു.

theendtimenews.com
Available on the iPhone App Store
ANDROID APP ON Google play

# ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ കറുകച്ചാൽ സെന്റർ കൺവൻഷൻ ഫെബ്രുവരി 3 മുതൽ 6 വരെ

ഐ പി സി കറുകച്ചാൽ സെന്റർ കൺവൻഷൻ ഫെബ്രുവരി 3 മുതൽ 6 വരെയുള്ള തീയതികളിൽ നടത്തപ്പെടും. ദിവസവും വൈകുന്നേരം 7 മണിമുതൽ 9 മണി വരെയാണ് പൊതുയോഗങ്ങൾ വിവിധ ഓൺലൈൻ മാധ്യമങ്ങളിലൂടെ തത്സമയം വീക്ഷിക്കാവുന്നതാണ്.

കറുകച്ചാൽ സെന്റർ മിനിസ്റ്റർ പാസ്റ്റർ റ്റി എ ചെറിയാൻ ഉദ്ഘാടനം ചെയ്യും. ഈ അനുഗ്രഹീത സമ്മേളനത്തിൽ പാസ്റ്റർമാരായ വത്സൻ എബ്രഹാം, സണ്ണി കുര്യൻ, ബാബു ചെറിയാൻ, അജി ആന്റണി, എം എം മാത്യു എന്നിവർ ദൈവവചനം സംസാരിക്കും.

# സമൂഹമാധ്യമങ്ങൾ ആധാറുമായി ബന്ധിപ്പിക്കില്ലെന്നു കേന്ദ്രസർക്കാർ




**ന്യൂഡൽഹി:** സമൂഹമാധ്യമ അക്കൗണ്ടും ആധാറും ബന്ധിപ്പിക്കാൻ നീക്കമില്ലെന്നു കേന്ദ്രസർക്കാർ ലോകസഭയെ അറിയിച്ചു. സമൂഹമാധ്യമങ്ങളിലൂടെ അശ്ലീല വീഡിയോയും പ്രചരിപ്പിക്കുന്നത് തടയാൻ നടപടിയെടുത്തിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി രവി ശങ്കർ പ്രസാദ് ചോദ്യത്തിന് മറുപടിയായി പറഞ്ഞു. സമൂഹമാധ്യമ അക്കൗണ്ടും ആധാറും ബന്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ സുപ്രീംകോടതി പരിഗണനയിലിരിക്കവെയാണ് കേന്ദ്രം നിലപാട് വ്യക്തമാക്കിയത്.

Available on the iPhone App Store
ANDROID APP ON Google play
Available on the iPhone App Store
ANDROID APP ON Google play

# വായ്മൊഴി

1. ജ്ഞാനം ഒരു നിധിയാണ്
   പ്രയോഗം ആണ് അതിന്റെ താക്കോൽ

2. ദൈവത്തിന്റെ പണിശാലയിലെ വലിയ
   ഒരു ഉപകരണമാണ് കഷ്ടത.

3. ദൈവം നമ്മുടെ കുറ്റം ക്ഷമിച്ചാലും
   നാം നമ്മോടു തന്നെ ക്ഷമിക്കാതിരിക്കുന്ന
   അവസ്ഥയിലും
   നാം അസ്വസ്ഥരായി തീരാവുന്നതാണ്.

4. ദേവാലയത്തോടു അടുത്തിരിക്കുന്തോറും
   ദൈവത്തോടു അകന്നിരിക്കുന്നു.

5. പ്രാർത്ഥന വിശ്വാസത്തിന്റെ ശബ്ദമാണ്.

6. ഏറ്റവും പ്രധാനമായി പഠിക്കുവാനുള്ളത്
   സ്വാർത്ഥതയെ നിയന്ത്രിക്കുവാനാണ്



Pr.P.V.S C.BD

7. വിലയുള്ള വ്യക്തിക്കേ മനുഷ്യരിലുള്ള
   മൂല്യം കത്തെുവാൻ കഴിയൂ.

8. അസൂയ ആത്മാവിന്റെ ദാരിദ്ര്യത്തിൽ
   നിന്നും ഉടലെടുത്തതാണ്.

9. പ്രശംസ വേന്നെു പറയുന്നവൻ
   രു തവണ പ്രശംസിക്കണമെന്ന
   ആഗ്രഹം കൊാണ്.

10. സ്വയം അളക്കുവാൻ ശരിക്കു കഴിയുന്ന
    വന്
    ആത്മപ്രശംസയ്ക്ക് ഇട കുറയും.




END TIME RADIO
Coming Shortly in Your Finger Tips...
THE END TIME RADIO- HINDI
A Christian Online Radio Channel in Hindi Language.
An Online Christian Channel for
Spiritually Uplifting Bible Messages
Inspiring Daily Devotions
Never-ending Christian Music
Breaking Christian News
Worldwide and lot more
throughout the day
seven days a week.
Stream inside outside or anywhere you go!
Computer
Smart phone
Tablet
Wireless speaker
Smart TV
Car-media player
and more..
CREW MEMBERS
Manual P. Joseph
HR Manager
Baiju Yacob
General Manager
Lesley Yacob
Programe Director English
Saji Edavilla
Programe Director Malayalam
Pr. Reji Varghese
Programe Director Hindi
Melbin Soloman
Brodcst Manager
Reachel Roman
Managing Editor
Aby Das
Social Media Manager
Sajith A. Dani
Promotion Manager
S Jayan
Music Producer
Pr. Boban Cletus
News Paper Designer
Download now
GET IT ON Google Play
Download on the App Store
visit us: theendtimeradio.com
endtimeradio24x7

the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no : TVM/TC/1717/2014
Established :USA
Published from : India, Kerala, TVM




We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.

**OUR OTHER ALUMINIUM PRODUCTS**

- Manual ICU sliding Doors.
- Manual Pivot or Hinged Doors.
- Automatic folding Doors.
- Five door systems.
- Manual Swing and slide Doors.
- Aluminium, FRP and Fiberglass Enty Doors.
- Store front systems.
- Shower doors.
- Patio sliding doors.
- Frameless glass enterace Doors.
- Window Wall.

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015

printed,published and owned by harvestingsoulsmission,chief editor Baiju Yacob

Share on